"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർ ആയ ശ്രീ.അബ്ദുൾ നാസർ വാക്കയിൽ ന്റെ കോട്ടയ്ക്കൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയിലെ ഓഫീസ് സൂപ്രണ്ട് തസ്തികയിലെ അന്യത്രസേവന കാലാവധി- ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി .-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.170/2026/AYUSH തീയതി, തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സർക്കുലർ നമ്പർ.42/2013/ധന, തീയതി 10.05.2013.
2. സ.ഉ.(അച്ചടി)നം.580/2013/ധന, തീയതി 28.11.2013.
3. സ.ഉ.(സാധാ)നം.1988/2023/പൊഭവ. തീയതി 04.05.2023.
4. സ.ഉ.(സാധാ)നം.1331/2024/പൊഭവ. തീയതി 20.03.2024.
5. സ.ഉ.(സാധാ)നം.2469/2025/പൊഭവ. തീയതി 06-06-2025.
6. കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.02.2026 തീയതിയിലെ KASRS/169/2025/E2(1) - നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുഭരണ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസറായ ശ്രീ.അബ്ദുൾ നാസർ വാക്കയിൽ (PEN: 215847)-നെ പരാമർശം-(3) പ്രകാരം കോട്ടയ്ക്കൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയിൽ ഓഫീസ് സൂപ്രണ്ട് തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും, തുടർന്ന് പരാമർശങ്ങൾ-(4)ഉം (5)ഉം പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി രണ്ട് തവണ കൂടി ഓരോ വർഷം വീതം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 17.05.2026-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ആയത് 18.05.2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കോട്ടയ്ക്കൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം-(6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ. അബ്ദുൾ നാസർ വാക്കയിൽ (PEN: 215847)-ന്റെ കോട്ടയ്ക്കൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയിലെ ഓഫീസ് സൂപ്രണ്ട് തസ്തികയിലുള്ള

അന്യത്രസേവന കാലാവധി നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി **18.05.2026** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി **(4th term)** ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി, കോട്ടയ്ക്കൽ, മലപ്പുറം.
2. ശ്രീ.അബ്ദുൾ നാസർ വാക്കയിൽ, ഓഫീസ് സൂപ്രണ്ട്, കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി, കോട്ടയ്ക്കൽ, മലപ്പുറം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
4. പൊതുഭരണ (അക്കൗണ്ട്സ്-എച്ച്/എ.എം.സി.) വകുപ്പ്.
5. പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ്. (12/03/2026-ലെ SE4/62/2026-GAD - നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (ആയുഷ്-സി1/88/2026/ആയുഷ്)

ഉത്തരവിൻ പ്രകാരം,

**Signed by Pradeep R S**
**Date: 15-03-2026 11:51:12**

സെക്ഷൻ ഓഫീസർ.